കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം ദീർഘിപ്പിക്കൽ-ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ)2876/12/ തസ്വഭവ　　　　തിരുവനന്തപുരം , തീയതി16.10.2012

---

പരാമർശം :- 1. 02.07.2009 ലെ സ.ഉ (കൈ)123/2009/തസ്വഭവ നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 30.05.2012 ലെ ജെ.5-9532/2012 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥപ്രകാരം ഫ്രണ്ട് ഓഫീസ് പ്രവർത്തനസമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെയായി നിഷ്കർഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനസമയം ദീർഘിപ്പിക്കണമെന്ന ആവശ്യം വിവിധ തലങ്ങളിൽ നിന്നും ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പണമിടപാടുകളും അനുബന്ധ കാര്യങ്ങളും ഒഴിച്ചുള്ള സംഗതികളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനസമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാക്കി ദീർഘിപ്പിച്ച്, പരാമർശം 1-ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
റ്റി.ജെ.മാത്യൂ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി (കരുതൽ ഫയൽ)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ